(ജി) കശുവണ്ടി വികസന കോർപ്പറേഷൻ കേരളത്തിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുവേണ്ടി, കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നിവടങ്ങളിൽ ഡിപ്പോകൾ തുറന്നും, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിലെ തോട്ടണ്ടി കോർപ്പറേഷന്റെ ഫാക്ടറികളായ ഇരിങ്ങാലക്കുട, കൊട്ടിയം എന്നിവിടങ്ങളിലും സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാപ്പെക്സ് കണ്ണൂർ ജില്ലയിൽ രണ്ട് യാഡുകൾ തുടങ്ങുന്നതിനും മാർക്കറ്റുവില അനുസരിച്ച് തോട്ടണ്ടി സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കാപ്പെക്സിന്റെ കീഴിലുള്ള മറ്റ് ഫാക്ടറികളിലും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എച്ച്) ഗവൺമെന്റ് തലത്തിൽ കൺസോർഷ്യം ബാങ്കുകളുമായി ചർച്ച നടത്തി അവയുടെ വായ്പാ പരിധി ഉയർത്തുകയും തൻമൂലം അധിക പ്രവർത്തന മൂലധനം കോർപ്പറേഷന് ലഭ്യമാക്കാനും കഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനങ്ങളിൽ ഏകദേശം 133 കോടി രൂപ അനുവദിച്ചു. കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിന് 5 കോടി രൂപ അനുവദിച്ചു.

1/2/88 മുതൽ ഈ സർക്കാർ അധികാരത്തിൽ വന്ന 21/5/96 വരെയുള്ള കാലയളവിൽ ഉണ്ടായിരുന്ന 86.1250 കോടി രൂപയുടെ ലോണുകൾ മൂലധനമായി മാറ്റുകയും ഇതിന്റെ പലിശയും പിഴപ്പലിശയും 39.5966 കോടി രൂപ എഴുതിത്തള്ളുകയും ചെയ്തു. തന്മൂലം കൂടുതൽ ബാങ്ക് വായ്പ ലഭ്യമാക്കാനും കൂടുതൽ ദിവസം തൊഴിലാളികൾക്ക് തൊഴിൽ നൽകാനും കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്.

(ഐ) കമ്പനി 7/3/2000 വരെ 2745.44 കി.ഗ്രാം മൂല്യവർദ്ധിത ഉല്പന്നം ഉല്പാദിപ്പിച്ച് വിപണനം നടത്തിയിട്ടുണ്ട്.

9 (*429) "പ്രകൃതിക്ഷോഭംമൂലം ഉണ്ടായിട്ടുള്ള കൃഷിനാശം"

<u>ശ്രീമതി എൻ.കെ. രാധ</u> :
<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> :
<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> :
<u>ശ്രീ. പിരപ്പൻകോട് മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പു സാമ്പത്തികവർഷം പ്രകൃതിക്ഷോഭംമൂലം ഉണ്ടായിട്ടുള്ള കൃഷിനാശത്തെ സംബന്ധിച്ച് സർക്കാർ കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ കൃഷിനാശംമൂലം എത്ര കോടി രൂപയുടെ വിളവുകൾ നശിച്ചുപോയതായി റിപ്പോർട്ട് നൽകിയിട്ടുണ്ട്;

(സി) സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന കണക്കിലെടുത്ത് കേന്ദ്രത്തിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് തുകയാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) കൃഷിക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഓരോ വിളയ്ക്കും നീക്കിവച്ചിട്ടുള്ള നഷ്ടപരിഹാരം പൂർണ്ണമായും കൃഷിക്കാർക്ക് നൽകിയിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) 1999-ലെ വേനൽമഴമൂലം 5.42 കോടി രൂപയുടെയും, തെക്കുപടിഞ്ഞാറൻ കാലവർഷംമൂലം 37.27 കോടി രൂപയുടെയും, വടക്കു കിഴക്കൻ കാലവർഷംമൂലം 1.10 കോടി രൂപയുടെയും നാശനഷ്ടം സംഭവിച്ചതായി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി)&(ഡി) 1999-2000 വർഷത്തേയ്ക്കുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയായ 64.05 കോടി രൂപയിൽ നിന്നുമാണ് കൃഷിനാശം ഉൾപ്പെടെയുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ചെലവ് വഹിക്കുന്നത്. ദുരിതാശ്വാസ നിധി തുകയുടെ 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. ഇതു കൂടാതെ പ്രത്യേക കേന്ദ്ര ധനസഹായം ലഭിച്ചിട്ടില്ല.

(ഇ) പ്രകൃതിക്ഷോഭംമൂലം കൃഷിക്ക് ഉണ്ടായ നാശനഷ്ടത്തിന്റെ വ്യാപ്തിയും വ്യവസ്ഥകൾ പ്രകാരം അനുവദനീയമായ തോതും കണക്കിലെടുത്ത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ധനസഹായം നൽകുന്നത്. ഈ വർഷം അതിനായി അലോട്ടു ചെയ്ത ഫണ്ടിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി† വച്ചിരിക്കുന്നു.

(എഫ്) ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തോതിലാണ് ധനസഹായം നൽകാറുള്ളത്. എന്നാൽ ഫണ്ടിന്റെ ലഭ്യതകുറവുമൂലം എല്ലായ്പ്പോഴും പൂർണ്ണമായ തോതിൽ ധനസഹായം നൽകാൻ കഴിയാറില്ല.

10 (*430) നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ്

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുനായ്ക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലൈസൻസ് നല്കുന്നുണ്ടോ; വിശദാശം വെളിപ്പെടുത്തുമോ;

(ബി) ലൈസൻസില്ലാതെ നായ്ക്കളെ വളർത്തുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടികൂടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിപാടിയുണ്ടോ; വിശദവിവരം നല്കുമോ;

(ഡി) കണ്ണൂർ ജില്ലയിൽ ഏഴുവയസ്സുള്ള കുട്ടിയെ നായ്ക്കൾ കടിച്ചു കൊന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

13-3-2000 ത്തിലെ ചോദ്യം 9 (*429) ന്റെ ഉത്തരം കാണുക

കൃഷിനാശത്തിന് 1999-2000 വർഷത്തിൽ ഫണ്ട് അനുവദിച്ചതിന്റെ കണക്ക്

ജില്ല	അലോട്ടു ചെയ്ത തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	79.75
കൊല്ലം	32.79
പത്തനംതിട്ട	25.00
ആലപ്പുഴ	50.00
ഇടുക്കി	10.00
കോട്ടയം	13.54
എറണാകുളം	10.30
തൃശൂർ	10.00
പാലക്കാട്	25.00
മലപ്പുറം	49.19
കോഴിക്കോട്	17.00
വയനാട്	5.00
കണ്ണൂർ	5.00
കാസർഗോഡ്	5.85

അനുബന്ധം V

13-3-2000 ത്തിലെ ചോദ്യം 22 (*442) ന്റെ ഉത്തരം കാണുക

1. മഹിളാ മന്ദിരങ്ങൾ

വയനാട്, ഇടുക്കി എന്നീ ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ മഹിളാ മന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു. അഗതികളായ സ്ത്രീകളെയും അവരുടെ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളെയും ഇവിടെ സംരക്ഷിക്കുന്നു.

2. ആഫ്റ്റർ കെയർ ഹോം ഫോർ അഡോളസെന്റ് ഫീമെയിൽ

14 വയസ്സിനും 23 വയസ്സിനും മദ്ധ്യേ പ്രായമുള്ള സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി കൊല്ലത്തും, കോഴിക്കോട്ടും ഓരോ ആഫ്റ്റർ കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

3. ഷോർട്ട് സ്റ്റേ ഹോം

വൈവാഹിക ബന്ധങ്ങളിൽ ഉണ്ടാകുന്ന താളപ്പിഴകൾമൂലം വൈഷമ്യം അനുഭവിക്കുന്ന സ്ത്രീകളുടെ താല്ക്കാലിക സംരക്ഷണത്തിനായി കോഴിക്കോടു ജില്ലയിൽ ഒരു ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിക്കുന്നു.

4. വനിതാ വികലാംഗ സദനം

അഗതികളും വികലാംഗരുമായ സ്ത്രീകളുടെ സംരക്ഷണത്തിനായി തിരുവനന്തപുരം എറണാകുളം ജില്ലകളിൽ ഓരോ വനിതാ വികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly